## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *268 — 18-07-2016 -ൽ മറുപടിക്ക്

### കാലവർഷത്തിലും കാറ്റിലുമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ഡോ. എം.കെ. മുനീർ<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ പി.കെ അബ്ദു റബ്ബ്<br>ശ്രീ. പാറക്കൽ അബ്ദുള്ള** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി)** |
| എ) | കാലവർഷത്തിലും അതിനോടനുബന്ധിച്ചുണ്ടായ കാറ്റിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കാലവർഷത്തിലും അതിനോടനുബന്ധിച്ചുണ്ടായ കാറ്റിലുമുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ 23 കിണറുകൾക്കും 14 തൊഴുത്തുകൾക്കും നാശനഷ്ടം സംഭവിച്ചു. ടി ജില്ലകളിലെ കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ എണ്ണം 12-ഉം പരിക്കേറ്റവരുടെ എണ്ണം 5 ഉം ആണ്. മേൽപ്പറഞ്ഞ ജില്ലകളിലും തൃശ്ശൂർ ജില്ലയിലുമായി പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകൾ 47-ഉം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾ 1973-ഉം ആണ്. കൊല്ലം ജില്ലയിൽ മൊത്തം 54,90,000/- രൂപയുടെ നാശനഷ്ടവും കോട്ടയം ജില്ലയിൽ വീട്, കൃഷി മൃഗസംരക്ഷണം എന്നിവയിലായി 96,15,661/- രൂപയുടെ നാശനഷ്ടവും ഇടുക്കി ജില്ലയിൽ 1,61,82,080/- രൂപയുടെ നാശനഷ്ടവും എറണാകുളം ജില്ലയിൽ 65,67,651/- രൂപയുടെ നാശനഷ്ടവും പാലക്കാട് ജില്ലയിൽ 4,96,000/- രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നാശനഷ്ടത്തിന്റെ ഭാഗികമായ കണക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. എന്നാൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ കാലവർഷത്തോടനുബന്ധിച്ചുള്ള നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 11.07.2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 35,99,38,240/- രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എങ്കിൽ നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യത്തിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | ബി) & സി)) | ഉണ്ട്. കാലവർഷക്കെടുതികളിൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്ക് ദേശീയ ദുരന്ത പ്രതികരണ നിധി / സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 20.05.2015-ലെ സ.ഉ.(കൈ) നം.194/2015/ഡി.എം.ഡി., 23.07.2015-ലെ സ.ഉ.(കൈ) നം.343/2015/ഡി.എം.ഡി. എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള ആശ്വാസ ധനസഹായമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിലവിൽ അനുവദിക്കുന്നത്. കൃഷിനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾക്ക് ഉപരിയായിട്ടുള്ള തുക കൃഷി വകുപ്പിന്റെ 29.09.2015-ലെ സ.ഉ.(കൈ) നം.182/2015/എ.ഡി. ഉത്തരവിൻ പ്രകാരം അനുവദിക്കുന്നുണ്ട്. |
| സി) | ഇല്ലെങ്കിൽ അതിനുള്ള നടപടികൾ പൂർത്തിയാക്കി നഷ്ടപരിഹാരം എത്രയും പെട്ടെന്ന് നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ